# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1357

21.03.2012 ലെ മറുപടിക്ക്

## സഹകരണ ബാങ്ക് ഭരണ സമിതിയിലെ പ്രാതിനിധ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളിലെ ഭരണ സമിതിയിൽ നിക്ഷേപകർ, ബാങ്കിംഗ് വിദഗ്ദ്ധർ എന്നീ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം നൽകാറുണ്ടോ; | എ) സഹകരണ ബാങ്കുകളിലെ ഭരണ സമിതിയിൽ നിക്ഷേപകർ, ബാങ്കിംഗ് വിദഗ്ദ്ധർ എന്നീ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം നൽകാറുണ്ട്. |
| ബി) ഇല്ലെങ്കിൽ ഭാവിയിൽ ഇവർക്ക് പ്രാതിനിധ്യം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെയും/അർബൻ ബാങ്കുകളിലെയും ഭരണസമിതികളിൽ നിക്ഷേപകരുടേയും, അർബൻ ബാങ്കുകളിൽ നിക്ഷേപകരുടെ പ്രതിനിധ്യത്തിനു പുറമേ ബാങ്കിംഗ് പ്രൊഫഷണൽ മേഖലകളിൽ വൈദഗ്ധ്യം/പരിചയം ഉള്ളവരുടെയും പ്രാതിനിധ്യം സഹകരണ നിയമത്തിലും ചട്ടത്തിലും ഉറപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമേ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികളിൽ നിക്ഷേപമുള്ള അംഗസംഘങ്ങളുടെ പ്രതിനിധികൾക്കും ബാങ്കിംഗ്/ പ്രൊഫഷണൽ മേഖലകളിൽ പരിചയം/വൈദഗ്ധ്യം ഉള്ളവർക്കും പ്രതിനിധ്യം ഉറപ്പാക്കിയിട്ടുണ്ട്. |
| സി) ഇവരെ കൂടാതെ ഏതൊക്കെ വിഭാഗക്കാർക്കുകൂടി ഭരണസമിതിയിൽ പുതിയ ഓർഡിനൻസ് പ്രകാരം സീറ്റുകൾ സംവരണം ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ; | സി) സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച 18/2012 ഓർഡിനൻസ് പ്രകാരം ജില്ലാ സഹകരണ ബാങ്കിലെ ഭരണസമിതികളിൽ ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക്, ഓരോ താലൂക്കിനേയും പ്രതിനിധീകരിച്ച് കുറഞ്ഞത് ഒരംഗത്തേയും, മറ്റ് ഇതര സംഘങ്ങളുടെ പ്രതിനിധികളായി ഭരണ സമിതിയിൽ ഏറ്റവും കുറഞ്ഞത് 4 പേരെയും, നിക്ഷേപമുള്ള അംഗസംഘങ്ങളുടെ പ്രതിനിധികളായി രണ്ട് പേരെയും, കൂടാതെ ബാങ്കിംഗ് മേഖലയിലെ പരിചയം, പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെയും, ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതികളിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ഡി) ഇത്തരം സംവരണങ്ങൾ വഴി ബാങ്കിന്റെ ഭരണത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ നൽകുമോ? | ഡി) ജില്ലാ സഹകരണ ബാങ്കുകളിലെ എല്ലാ വിഭാഗത്തിൽപ്പെട്ട അംഗസംഘങ്ങൾക്കും, ഭരണ സമിതിയിൽ അവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്താൻ കഴിയുന്നതിലൂടെ തുല്യത/സമത്വം ഉറപ്പ് വരുത്താൻ കഴിയും. നിക്ഷേപ സംഘങ്ങളുടെ പ്രതിനിധികൾ ഭരണസമിതിയിൽ അംഗങ്ങളാകുന്നതിനാൽ 'നിക്ഷേപ സുരക്ഷിതത്വം' ഉറപ്പാക്കാൻ കഴിയും. ധനകാര്യ സ്ഥാപനങ്ങളായ സഹകരണ ബാങ്കുകളിൽ ബാങ്കിംഗ് വിദഗ്ധരെയും പ്രൊഫഷണൽ യോഗ്യതയുള്ളവരെയും ഉൾപ്പെടുത്തുന്നതിനാൽ ധനകാര്യ മാനേജ്മെന്റ് ഉറപ്പ് വരുത്തുന്നതിനും നഷ്ട സാദ്ധ്യത കുറയ്ക്കുന്നതിനും കഴിയുന്നു. |

സെക്ഷൻ ഓഫീസർ